**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 655** **28-01-2026 - ൽ മറുപടിയ്ക്ക്**

**വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതുതായി വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഭൂമി നൽകുന്നതിന് വ്യവസായ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | 1969-ലെ വ്യവസായാവശ്യങ്ങൾക്കുള്ള ലാൻഡ് അലോട്ട്മെന്റ് ചട്ടം കാലോചിതമായി പരിഷ്കരിച്ച് ദി കേരള ഗവൺമെന്റ് ലാൻഡ് അലോട്ട്മെന്റ് & അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ് റൂൾസ് - 2023 പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടപ്രകാരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിലെ വ്യവസായ എസ്റ്റേറ്റുകൾ, പ്ലോട്ടുകൾ, ഏരിയകൾ എന്നിവിടങ്ങളിലെ വ്യവസായ ഭൂമിയുടെ അലോട്ട്മെന്റും അസൈൻമെന്റും നടപടികൾ ലളിതവത്കരിച്ചിട്ടുണ്ട്. കിൻഫ്ര, കെ. എസ്.ഐ.ഡി.സി എന്നിവയുടെ ഉടമസ്ഥതയിലുള്ള വ്യവസായ ഭൂമിയിലെ അലോട്ട്മെന്റ് ചട്ടങ്ങൾ ലഘൂകരിച്ചുകൊണ്ട് യൂണിഫൈഡ് ലാൻഡ്/ ബിൽഡിങ് (അലോട്ട്മെന്റ് & ഡിസ്പോസൽ) റഗുലേഷൻ 2024-ഉം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വ്യവസായ ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി മറ്റ് രണ്ട് പദ്ധതികൾ കൂടി നടപ്പിലാക്കിയിട്ടുണ്ട്.<br><br>1. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം.<br><br>2. ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതി<br><br>കുറഞ്ഞ ഭൂവിസ്തൃതിയിൽ കൂടുതൽ വ്യവസായ യൂണിറ്റുകളെ ഉൾക്കൊള്ളുക എന്ന ഉദ്ദേശ്യത്തോടെ ബഹുനില വ്യവസായ സമുച്ചയ പദ്ധതിയും നടപ്പിലാക്കി കൊണ്ടിരിക്കുന്നു. ബഹുനില വ്യവസായ സമുച്ചയങ്ങളിലെ സ്ഥലത്തിന്റെ അലോട്ട്മെന്റ് നടപടികൾ സുഗമമാക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയ ചട്ടം - 2023-ഉം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ ഭൂമി അനുവദിക്കുന്നതിനായി എവിടെയെല്ലാമാണ് വകുപ്പ് ഭൂമി തയ്യാറാക്കി | (ബി) | വ്യവസായ വകുപ്പിനു കീഴിലുള്ള കാസർഗോഡ് മടിക്കൈ ഡെവലപ്പ്മെന്റ് പ്ലോട്ടിൽ ഭക്ഷ്യസംസ്കരണ |

| | | | |
|---|---|---|---|
| | വച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | | വ്യവസായങ്ങൾക്കായി നീക്കിവച്ചിട്ടുള്ള 10 ഏക്കർ ഭൂമിയിൽ 5 ഏക്കർ അനുവദിച്ചിട്ടുള്ളതും ബാക്കി 5 ഏക്കർ അലോട്ട്മെന്റിനായി അവശേഷിക്കുന്നതുമാണ്. ഇതര ഡെവലപ്പ്മെന്റ് ഏരിയ/ഡെവലപ്പ്മെന്റ് പ്ലോട്ടുകൾ എന്നിവയിൽ അവശേഷിക്കുന്ന സ്ഥലം അനുവദിക്കുന്നതിനുള്ള അപേക്ഷകരുടെ മുൻഗണനാ പട്ടിക പ്രകാരം അലോട്ട്മെന്റ് പൂർത്തിയായി വരുന്നു.<br><br>സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി, കാമ്പസ് വ്യവസായ പാർക്ക് പദ്ധതി എന്നിവ പ്രകാരം ഭൂമി ലഭ്യമായിട്ടുള്ള വ്യവസായ എസ്റ്റേറ്റ്/പാർക്കുകളുടെ പേരു വിവരവും ജില്ലയും അനുബന്ധമായി ചേർക്കുന്നു.<br><br>കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ എന്നീ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും പാലക്കാട് ഇൻവെസ്റ്റ് സോൺ, കുറ്റിയാടി ഇൻഡസ്ട്രിയൽ പാർക്ക്, അങ്കമാലി ഇൻഡസ്ട്രിയൽ സ്പേയ്സ്, അങ്കമാലി ബിസിനസ്സ് പാർക്ക്, തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്ക് എന്നിവിടങ്ങളിലും ഭൂമി ലഭ്യമാണ്.<br><br>സിഡ്കോയുടെ കീഴിലുള്ള 60 വ്യവസായ ഭൂപ്രദേശങ്ങളിൽ ഒഴിവുവരുന്ന മുറയ്ക്ക് ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ച് ജില്ലാതല അലോട്ട്മെന്റ് കമ്മിറ്റി തീരുമാനപ്രകാരം അലോട്ട്മെന്റ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ

| | | |
|---|---|---|
| 1 | VMPS Food Parks And Ventures LLP | Kannur |
| 2 | Indian Virgin Spices Pvt Ltd | Kottayam |
| 3 | Kadambur Industrial Park | Palakkad |
| 4 | Sance Steriles Pvt Ltd | Kottayam |
| 5 | Jacob And Richard International Pvt Ltd | Kottayam |
| 6 | Delta Aggregates And Sand Pvt Ltd | Pathanamthitta |
| 7 | Pathanamthitta Industrial Promotions Pvt Ltd | Pathanamthitta |
| 8 | Classy Industrial Park | Malappuram |
| 9 | Hi Tech Industrial Park | Palakkad |
| 10 | Featherlike Foam Pvt Ltd. | Palakkad |
| 11 | Tuffoply Resins India Private Limited' | Eranakulam |
| 12 | Ozone Granite Pvt Ltd | Eranakulam |
| 13 | Zehub Technopark Pvt Ltd | Kollam |
| 14 | Mountpark Industrial Estate Pvt Ltd | Kozhikkod |
| 15 | Haritha | Kannur |
| 16 | Kboard Panels Pvt Ltd | Kottayam |
| 17 | Kboard Wood Industries Pvt Ltd | Kottayam |
| 18 | Kboard Rubber Factory Pvt Ltd | Kottayam |
| 19 | PK Industries | Malappuram |
| 20 | Woodon Mdf Panel Pvt Ltd | Idukki |
| 21 | Yousuf Malabar Industrial Park Llp | Malappuram |
| 22 | Ponnore Enterprises Llp | Thrissur |
| 23 | Avigne Jeya Private Limited | Eranakulam |
| 24 | Faya Renewables And Power Pvt Ltd,. | Kasargod |
| 25 | Cambria Edu Ventures Llp | Malappuram |
| 26 | Trichur Technopark Pvt Ltd | Thrissur |
| 27 | Al Ameen Group | Trivandrum |
| 28 | DM Green Farm Llp | Kannur |
| 29 | Kerala Small Scale Industrial Parks P Ltd | Thrissur |
| 30 | Olive Industrial Estate | Pathanamthitta |
| 31 | Malabar Innovation Hub Pvt Ltd. | Kannur |
| 32 | Secretary Kasargod Coop Educational Society Ltd | Kasaragod |

[signature]

Section Officer

| | | |
|---|---|---|
| 33 | Ramlas Food Park LLP | Malappuram |
| 34 | Mundol industrial Park LLP | Kasaragod |
| 35 | Aquatic Proteins Private limited | Thrissur |
| 36 | Nest Society, Kannur | Kannur |
| 37 | Janeeva | Palakkad |
| 38 | Kalyan Ply and Boards | Palakkad |
| 39 | Legacy Industrial Estate | Palakkad |
| 40 | Parai Ventures | Malappuram |

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ

| | | |
|---|---|---|
| 1 | Sreenarayana poly Technic College | Kollam |
| 2 | Dr C T Eapen Trust' Basaleous Mathews College | Kollam |
| 3 | St Antonys College Peruvanthanam | Idukki |
| 4 | Saintgits College of Engineering | Kottayam |
| 5 | MES Institute Of Technology And Management | Kollam |
| 6 | Lourdes Matha College Of Science And Technology | Thiruvananthapuram |
| 7 | SAFI Institute Of Advanced Study Autonomous | Malappuram |
| 8 | Sree Narayana Guru College Of Engineering And Tech | Kannur |
| 9 | College of Engineering Poonjar | Kottayam |
| 10 | M Dasan Institute Of Technology | Kozhikkod |
| 11 | Al Azhar Medical College | Idukki |

Section Officer